(ഡി) ഉണ്ട്. കടലാക്രമണ ഭീഷണിയിൽ കഴിയുന്നവരെയും ദുരിതാശ്വാസ കേന്ദ്രങ്ങളിൽ മാറ്റി പാർപ്പിക്കാനുള്ള സജ്ജീകരണങ്ങൾ ജില്ലാ കളക്ടർമാർ ചെയ്യുന്നുണ്ട്.

20 (*140) കുടുംബശ്രീ പദ്ധതി

ശ്രീ. പി. നാരായണൻ :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. യു.എസ് ശശി :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീ. സി. എൻ ജയദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടുംബശ്രീ പദ്ധതി പൂർണ്ണമായും നടപ്പാക്കി കഴിഞ്ഞിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എല്ലാ ജില്ലകളിലും ഈ പദ്ധതി പൂർണ്ണമായും നടപ്പാക്കുന്നതിന് എത്ര കാലം വേണ്ടിവരുമെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിയിൻ കീഴിൽ ക്ലേശം അനുഭവിക്കുന്ന കുടുംബങ്ങളെ കണ്ടെത്തുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) :

(എ) ഇല്ല

(ബി) ഒരു വർഷത്തിനകം ഈ പദ്ധതി എല്ലാ ജില്ലകളിലും ആരംഭിക്കാൻ സാധിക്കും.

(സി) ഈ പദ്ധതിയിൻ കീഴിൽ ക്ലേശം അനുഭവിക്കുന്ന കുടുംബങ്ങളെ കണ്ടെത്തുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർത്തിരിക്കുന്നവയാണ്.

1. സ്വന്തമായി വീടില്ലാത്തവർ.
2. നഗരപ്രദേശങ്ങളിൽ വീടിന് 150-ഉം ഗ്രാമപ്രദേശങ്ങളിൽ 300- ഉം മീറ്ററിനുള്ളിൽ ശുദ്ധജലം ലഭ്യമാകാത്തവർ.
3. കക്കൂസ് തുടങ്ങിയ പ്രാഥമിക സൗകര്യങ്ങൾ ഇല്ലാത്തവർ
4. വീട്ടിലെ പ്രായപൂർത്തിയായ -ഒരംഗം എങ്കിലും നിരക്ഷരായ കുടുംബം
5. കുടുംബത്തിന്റെ വരുമാനത്തിനായി ഒരേയൊരു അംഗത്തെ മാത്രം ആശ്രയിക്കുന്ന കുടുംബം.
6. ദിവസം രണ്ടു നേരത്തെ ഭക്ഷണത്തിനെങ്കിലും വകയില്ലാത്തവർ.
7. അഞ്ചുവയസ്സിനു താഴെ പ്രായമുള്ള കുട്ടികളുള്ള കുടുംബം.
8. കുടുംബത്തിലെ ഏതെങ്കിലും ഒരു വ്യക്തി മദ്യത്തിനോ മയക്കുമരുന്നിനോ അടിമപ്പെടുക.
9. പട്ടികജാതി/പട്ടികവർഗ്ഗ കുടുംബം

LIBRARY ARCHIVES Kerala Legislative Assembly

മേൽ സൂചിപ്പിച്ച ക്ളേശഘട്ടങ്ങളിൽ ഏതെങ്കിലും നാലു ഘടകങ്ങൾ അനുകൂലമാകുന്ന കുടുംബത്തെ ക്ളേശ കുടുംബമായി കണക്കാക്കുന്നു.

മേൽപ്പറഞ്ഞ മാനദണ്ഡങ്ങളുടെ പര്യാപ്തതയെക്കുറിച്ച് ഒരു വിദഗ്ദ്ധ സമിതി പഠനം നടത്തിവരികയാണ്. സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങളിൽ ഉചിതമായ മാറ്റങ്ങൾ വരുത്തുന്നതാണ്.

21 (*141) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിവരുന്ന ജനകീയാസൂത്രണ പരിപാടികൾ

ശ്രീ. സി.കെ രാജേന്ദ്രൻ :
ശ്രീ. എ. കണാരൻ :
ശ്രീ. പി. രാഘവൻ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. പി.കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കിവരുന്ന ജനകീയാസൂത്രണ പരിപാടികൾ ഈ വർഷം (1999-2000) മുതൽ സമയബന്ധിതമായി നടപ്പാക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതികൾ നടപ്പാക്കുന്നതു സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് ഇപ്പോൾ നടന്നുവരുന്നതെന്ന് വ്യക്തമാക്കുമോ; പദ്ധതി വിഹിതത്തിന്റെ ആദ്യഗഡു എന്നുമുതലാണ് നൽകിതുടങ്ങുന്നതെന്ന് അറിയിക്കുമോ;

(സി) കഴിഞ്ഞവർഷത്തെ (1998-99) ജനകീയാസൂത്രണ പദ്ധതികൾ നടപ്പാക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) ജനകീയാസൂത്രണ പരിപാടികൾ ജനങ്ങളറിഞ്ഞ് അർഹിക്കുന്ന ഗൗരവത്തോടും ശുഷ്കാന്തിയോടുംകൂടി നടപ്പാക്കുന്നതിൽ വീഴ്ചവരുത്തുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കെതിരെ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) :

(എ)&(ബി) പദ്ധതി രേഖകൾ തയാറാക്കി സമർപ്പിക്കുന്നതിനും മറ്റും സമയ പരിധി നിശ്ചയിച്ചു. ബഹുഭൂരിപക്ഷം തദ്ദേശ ഭരണ സ്ഥാപനങ്ങളും പദ്ധതി രേഖകൾ അംഗീകാരത്തിനായി സമർപ്പിച്ചു കഴിഞ്ഞു. പദ്ധതി രേഖകളും മറ്റും ആസൂത്രണ സമിതികൾ അംഗീകരിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പുറപ്പെടുവിച്ചു. വിദഗ്ധ സാങ്കേതിക പരിശോധനയും മറ്റും ആവശ്യമില്ലാത്ത പ്രോജക്റ്റുകളുടെ നിർവ്വഹണം ആരംഭിക്കുവാൻ അനുമതി നൽകി. പദ്ധതിരേഖ തയാറാക്കി അംഗീകാരം നേടിയ സ്ഥാപനങ്ങൾക്ക് 99-2000-ാം ആണ്ടത്തെ പദ്ധതി വിഹിതത്തിന്റെ ഒന്നാംഗഡു വിതരണം ചെയ്യുന്നതിന് അനുമതി നൽകികൊണ്ട് 21.6.1999 ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. പദ്ധതിരേഖയ്ക്ക് അംഗീകാരം ലഭിച്ച സ്ഥാപനങ്ങൾക്ക് ഒന്നാം ഗഡു ലഭിച്ചു

LIBRARY ARCHIVES Kerala Legislative Assembly